## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** | **6.3.2012-ൽ മറുപടിക്ക്**

## മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ:<br>ശ്രീ. കെ.എം.ഷാജി :<br>ശ്രീ. സി.മോയിൻകുട്ടി :<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ: | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്ത്‌രാജ് നഗരപാലികാ നിയമപ്രകാരം നഗരങ്ങളുടെ ശുചീകരണ, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ചുമതല ഏതു ഭരണസംവിധാനത്തിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ; | എ) നിലവിലുള്ള നിയമപ്രകാരം നഗര പ്രദേശങ്ങളിലെ ശുചീകരണം, ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചുമതല അതത് പ്രദേശത്തെ മുനിസിപ്പാലിറ്റികളുടെയും, കോർപ്പറേഷനുകളുടെയും ചുമതലയിലാണ്. |
| ബി) നഗരശുചീകരണത്തിനും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ആവിഷ്ക്കരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ; | ബി) എ.ഡി.ബി ധനസഹായത്തോടെയുള്ള ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.റ്റി എന്നീ പദ്ധതികൾ പ്രകാരം കെ.എസ്.യു.ഡി.പി മുഖേന വിവിധ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>ഖരമാലിന്യ ശേഖരണം, സംസ്കരണം എന്നിവ മെച്ചപ്പെടുത്തി നഗരങ്ങളിൽ മാലിന്യ പരിപാലനം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി (തിരുവനന്തപുരം നഗരസഭ ഒഴികെ) 46.12 കോടി രൂപയുടെ പദ്ധതികളാണ് കെ.എസ്.യു.ഡി.പിയിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ 32.76 കോടി രൂപയുടെ പദ്ധതികൾ (ഉപകരണങ്ങൾ, വാഹനങ്ങൾ വാങ്ങുന്നതുൾപ്പടെ) നടന്നുവരുന്നു.<br>ജെ. എൻ.എൻ.യു.ആർ.എം പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിന് കൊച്ചി നഗരസഭയിൽ 88.12 കോടി രൂപയുടേയും തിരുവനന്തപുരം നഗരസഭയിൽ 24.56 കോടി രൂപയുടേയും പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>നഗരശുചീകരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും കേന്ദ്ര തലത്തിൽ JnNURM പദ്ധതിയിൽ കൊച്ചി അഗ്ലോമറേഷനു |

വേണ്ടി 88.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 31.77 കോടി രൂപ കൊച്ചി കോർപ്പറേഷനുവേണ്ടി ബ്രഹ്മപുരം ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പണിയുന്നതിനും, അതിനോടനുബന്ധ കെട്ടിടങ്ങളും, റോഡും, മാലിന്യ ശേഖരണത്തിനും നീക്കത്തിനും ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനും, കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ കംപോസ്റ്റ് പ്ലാന്റും, നിലവിലുള്ള ലാന്റ് ഫിൽ സൈറ്റ് റെമഡിയേഷനും, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ മാലിന്യശേഖരണ ബിന്നുകൾ വാങ്ങുന്നതിലേയ്ക്കുമായി ചെലവഴിച്ചു.

യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയുടെ കീഴിൽ 11 നഗരസഭകളിലായി 36.57 കോടി രൂപയുടെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാന സർക്കാർ, പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകൾക്കും, പഞ്ചായത്തുകൾക്കും പ്ലാന്റുകൾ സ്ഥാപിക്കാനും, നിലവിലുള്ള പ്ലാന്റുകൾ കുറ്റമറ്റതാക്കുന്നതിനും സാങ്കേതിക സാമ്പത്തിക സഹായം ശുചിത്വമിഷൻ മുഖേന നൽകി വരുന്നു.

സി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷക്കാലം പ്രതിവർഷം സംസ്ഥാനത്തെ ഓരോ നഗരസഭക്കും എന്തു തുക വീതം അനുവദിച്ചു എന്നും, ചെലവഴിച്ചു എന്നും വിശദമാക്കുമോ ;

സി) ജെഎൻഎൻയുആർഎം പദ്ധതിപ്രകാരം തിരുവനന്തപുരം, കൊച്ചി നഗരസഭകൾക്ക് ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി അനുവദിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ അനുബന്ധം I ആയും, യു..ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതി പ്രകാരം സംസ്ഥാനത്തെ 11 മുനിസിപ്പാലിറ്റികൾക്ക് മാലിന്യനിർമ്മാർജ്ജനങ്ങൾക്കായി കെ.എസ്.യു.ഡി.പി നല്കിയ തുകയുടെ വിശദാംശം അനുബന്ധം II ആയും ശുചിത്വമിഷൻ മുഖേന നഗരസഭകൾക്ക് നല്കിയ തുകയുടെ വിശദാംശം അനുബന്ധം III ആയും ചേർത്തിട്ടുണ്ട്.

നല്കിയ തുകയിൽ നിന്നും മുനിസിപ്പാലിറ്റികൾ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

| | | |
|---|---|---|
| ഡി) | ബയോഡീഗ്രേഡബിൾ മാലിന്യ നിർമ്മാർജ്ജനത്തിനായി വീടുകൾ, ഹൗസിംഗ് കോളനികൾ, പൊതുസ്ഥാ പനങ്ങൾ എന്നിവിടങ്ങളിൽ എത്ര പ്ലാന്റുകൾ ഈ കാലഘട്ടത്തിൽ നഗരസഭകൾ മുഖേന സ്ഥാപിച്ചു എന്നതിന്റെ വിശദാംശം നൽകാമോ; | വിവരം ശേഖരിച്ചു നല്കുന്നതാണ്. |
| ഇ) | ഏതൊക്കെ നഗരസഭകൾ പ്ലാസ്റ്റിക് റീസൈക്കിൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട് എന്ന് കണക്കു സഹിതം വ്യക്തമാക്കുമോ ? | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.